**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം എന്തൊക്കെ മുന്നൊരുക്കങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2022-2023 സംരംഭക വർഷമായി ആചരിക്കുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ/ ഏജൻസികളുടെ സംയോജനത്തോടെ '2022-23 സാമ്പത്തിക വർഷം 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക' എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022 മെയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംഘടിപ്പിച്ച ഏകദിന ശില്പശാലകളോടെ ഈ പദ്ധതിക്ക് തുടക്കമായി. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടു വരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ക്യാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും, സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ള ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനും വേണ്ടി ബിടെക്ക്/എം.ബിഎ യോഗ്യതയുള്ള ഇന്റേണിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഈ പ്രക്രിയ തുടർന്ന് കൊണ്ട് ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേക്കു നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ഭാഗമായി കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിങ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ബാങ്ക് വായ്പ വഴി അഞ്ച് വർഷം കൊണ്ട് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനുള്ള പുതിയ പദ്ധതി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി, കേരള ബാങ്ക് എന്നിവയുമായി ചേർന്ന് ആസൂത്രണം ചെയ്തു വരുന്നു. കൂടാതെ വായ്പയിന്മേലുള്ള പലിശ സബ്സിഡിക്കുള്ള പദ്ധതി വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്നതാണ്. ഇപ്രകാരം സംരംഭകർക്ക് തടസ്സമില്ലാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുവഴി പ്രതീക്ഷിക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |
| (സി) | ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം കൂടുതൽ വായ്പ നൽകുന്ന ബാങ്കിന് എന്തെങ്കിലും തരത്തിലുള്ള അവാർഡ് കൊടുക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ അത് എന്നാണെന്ന് വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ